## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1963 — 14.08.2017 ൽ മറുപടിയ്ക്ക്

### റേഷൻ സാധനങ്ങളുടെ വിതരണം

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) റേഷൻ സാധനങ്ങളുടെ വാതിൽ പ്പടി വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ഇല്ല. |
| (ബി) പൊതുജനങ്ങൾക്കുള്ള റേഷൻ വിതരണത്തിൽ കൃത്രിമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് 11 AWD (ഓതറൈസ്ഡ് ഹോൾസെയിൽ ഡിപ്പോ) കളുടെയും 178 ARD (ഓതറൈസ്ഡ് റീറ്റെയിൽ ഡിപ്പോ) കളുടെയും 3 KWD (കെറോസിൻ ഹോൾസെയിൽ ഡിപ്പോ) കളുടെയും അംഗീകാരം സസ്പെൻഡ് ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട് 178.82 ലക്ഷം രൂപയുടെ സാധനങ്ങൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. |
| (സി) നിലവിൽ ഒരു കുടുംബത്തിന് നൽകുന്ന റേഷൻ സാധനങ്ങൾ എന്തെല്ലാമാണെന്നും ഏത് അളവിലാണ് നൽകുന്നത് എന്നും വിശദമാക്കുമോ? | (സി) എ.എ.വൈ. വിഭാഗത്തിൽപെട്ടവർക്ക് കാർഡിന് 28 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പും മുൻഗണനാ വിഭാഗത്തിൽപെട്ട കാർഡുകളിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം അരിയും 1 കി.ഗ്രാം ഗോതമ്പും സൗജന്യമായി നൽകുന്നു. മുൻഗണനയിതര വിഭാഗത്തിൽപെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഓരോ അംഗത്തിനും **2** കി.ഗ്രാം അരി കിലോഗ്രാമിന് **2/-** രൂപ നിരക്കിലും ഓരോ കാർഡിനും **1** കി.ഗ്രാം ഫോർട്ടിഫൈഡ് ആട്ട വീതം കി.ഗ്രാമിന് **15** രൂപ നിരക്കിലും നൽകും. രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ |

പദ്ധതിയിൽ ഉൾപ്പെടാത്ത മുൻഗണനയിതര വിഭാഗത്തിൽ പെട്ടവർക്ക് ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പടെ **3** കി.ഗ്രാം ഭക്ഷ്യധാന്യം അരി കി.ഗ്രാമിന് **8.90** രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് **6.70** രൂപ നിരക്കിലും ഓരോ കാർഡിനും **2** കി.ഗ്രാം ഫോർട്ടിഫൈഡ് ആട്ട വീതം കി.ഗ്രാമിന് **15** രൂപ നിരക്കിലും ലഭിക്കും.

വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് മണ്ണെണ്ണ ½ (അര) ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 4 ലിറ്റർ വീതവും ലിറ്ററിന് 18/- രൂപ നിരക്കിൽ ഓരോ മാസവും നൽകുന്നു.

സെക്ഷൻ ഓഫീസർ